**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1388** **06-02-2020 ൽ മറുപടിക്ക്**

**ഭൂപതിവ് ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| സംസ്ഥാനത്ത് ഭൂവിനിയോഗ കാര്യത്തിൽ സംജാതമായിട്ടുള്ള നിരവധി പ്രതിസന്ധികൾ പരിഹരിക്കുന്നതിലേക്ക് ഭൂപതിവ് ചട്ടങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്നതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | സംസ്ഥാനത്ത് ഭൂവിനിയോഗ കാര്യത്തിൽ സംജാതമായിട്ടുള്ള നിരവധി പ്രതിസന്ധികൾ പരിഹരിക്കുന്നതിലേക്കായി 1964 ലെ കേരള ഭൂമി പതിവ് ചട്ടത്തിലും 1995 ലെ മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങളിലും താഴെപ്പറയുന്ന ഭേദഗതികൾ പരിഗണനയിലാണ്.<br>1) 2019 ലെ ബജറ്റ് പ്രസംഗത്തിൽ ബഹു. ധനകാര്യമന്ത്രി പ്രഖ്യാപിച്ച പാട്ടക്കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 1964. 1995 എന്നിവയിൽ ഉൾക്കൊള്ളിക്കുന്നതിന്<br>2) 1995 ലെ ചട്ടങ്ങളിൽ നിലവിലുള്ള 1,00,000/- രൂപ എന്ന വരുമാന പരിധി കാലോചിതമായി വർദ്ധിപ്പിക്കുന്നത്<br>3) വ്യവസായിക ആവശ്യത്തിന് ഭൂമി പാട്ടത്തിന് നൽകുന്നതിനുള്ള പുതുക്കിയ വ്യവസായിക ഭൂമി പതിവ് ചട്ടങ്ങൾ രൂപീകരിക്കുന്നതു സംബന്ധിച്ച നടപടികൾ<br>4) 1995 ലെ ചട്ടങ്ങളിൽ തുക അടയ്ക്കുന്നതിന് കാലതാമസം മാപ്പാക്കി പട്ടയം നൽകുവാനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാൽ ആയത് ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ. |

**സെക്ഷൻ ഓഫീസർ**